# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4959** **22.05.2017-ൽ മറുപടിക്ക്**

**അങ്ങാടിപ്പുറം മാനത്ത് മംഗലം ബൈപ്പാസിൽ റെയിൽവെ ഓവർ ബ്രിഡ്ജ്**

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) മങ്കട നിയോജക മണ്ഡലത്തിലെ അങ്ങാടിപ്പുറം മാനത്ത് മംഗലം ബൈപ്പാസിൽ റെയിൽവെ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പത്ത് കോടി രൂപ അനുവദിച്ചുകൊണ്ടുള്ള 17-1-2011 ലെ G.O.(Rt)No.73/2011/ PWD - എന്ന ഉത്തരവിൻ പ്രകാരം സ്വീകരിച്ചു വരുന്ന നടപടികൾ വിശദീകരിക്കാമോ; | (എ) മങ്കട നിയോജക മണ്ഡലത്തിലെ അങ്ങാടിപ്പുറം മാനത്ത് മംഗലം ബൈപ്പാസിന്റെ അംഗീകാരം നൽകിയ അലൈൻമെന്റ് അനുസരിച്ച് പ്രസ്തുത ബൈപ്പാസിന് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ആർ.ഒ.ബി റെയിൽവെയുടെ നിലവിലുള്ള ഏഴ് കണ്ണി പാലത്തിന് മുകളിലൂടെ ആയതിനാൽ മേൽ അലൈൻമെന്റ് മാറ്റേണ്ടിവരുമെന്ന് 2016 മാർച്ച് മാസം നടന്ന റെയിൽവേ ടീമിന്റെ സംയുക്ത പരിശോധനയിൽ വാക്കാൽ അറിയിച്ചിട്ടുണ്ട്. തുടർന്ന് റെയിൽവെയുടെ ലൈൻ ക്രോസ് ചെയ്യുന്ന ഭാഗം പുനർനിശ്ചയിക്കുന്നതിന് വേണ്ടി റെയിൽവെയുമായി വീണ്ടും ഒരു സംയുക്ത പരിശോധന നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം വിളിച്ചു ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത റെയിൽവെ ഓവർ ബ്രിഡ്ജുമായി ബന്ധപ്പെട്ട ലാൻഡ് അക്വിസിഷൻ നടത്തുന്നതിന് കാലതാമസം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) അലൈൻമെന്റ് പൂർത്തിയാകുന്ന മുറയ്ക്കു മാത്രമേ ലാന്റ് അക്വിസിഷൻ നടപടികൾ തുടങ്ങുവാൻ സാധിക്കുകയുള്ളൂ. |
| (സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടില്ല. |

S. Bindu

സെക്ഷൻ ഓഫീസർ